**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5829** **16-03-2023 - ൽ മറുപടിയ്ക്ക്**

**അംഗൻവാടി നിർമ്മാണത്തിനുള്ള സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മാഞ്ഞൂർ, ഉഴവൂർ ഗ്രാമ പഞ്ചായത്തുകളിലെ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലം അംഗൻവാടി നിർമ്മാണത്തിന് അനുവദിക്കുന്നത് സംബന്ധിച്ച് എത്ര സെന്റ് സ്ഥലമാണ് ആവശ്യമെന്ന വിവരം വനിത ശിശുക്ഷേമ വകുപ്പ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | (എ) ഉണ്ട്. സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് ആധുനിക രീതിയിൽ സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 10, 7.5, 5, 3 സെന്റ് (അർബൻ ഏരിയയിൽ 1.25 എങ്കിലും ) സ്ഥലമുള്ള പ്ലാനുകൾ ആണ് അംഗീകരിച്ചിട്ടുള്ളത് എന്ന് ചീഫ് എൻജിനിയർ പദ്ധതി വിഭാഗം -2, തിരുവനന്തപുരത്തിന് 17/08/2022 ലെ DWCD/876/2022-ICDSB4 നമ്പർ കത്ത് പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ മറുപടി നൽകിയിട്ടുണ്ട്. |
| (ബി) | ഇതുസംബന്ധിച്ച് ജലവിഭവ വകുപ്പിൽ നിന്നും 17.05.2022 -ന് ലഭിച്ച ഐ.ആർ.1/20/2020 നമ്പർ കത്തിന് വനിത ശിശുക്ഷേമ വകുപ്പ് എന്നാണ് മറുപടി നൽകിയതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ പ്രസ്തുത വിഷയത്തിന്മേലുള്ള മറുപടി അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | (ബി) ജലവിഭവ വകുപ്പിൽ നിന്നും 17/5/22 തീയതിയിൽ IR/1/20/2020 നമ്പർ ആയിട്ടുള്ള കത്ത് നേരിട്ട് വകുപ്പിന് ലഭിച്ചിട്ടില്ല. എന്നാൽ ടി കത്ത് സൂചനയായി പരാമർശിക്കുന്ന ജലവിഭവ വകുപ്പിലെ പദ്ധതി വിഭാഗം – 2 ചീഫ് എൻജിനീയറുടെ 13/6/22 ലെ PG2-2414/2016 നമ്പർ കത്തിന് 17/8/2022 ന വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്ന് മറുപടി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ